ഉത്തരം

(എ) ഈ സംഭരണ നടപടി യഥാർത്ഥ നാളികേര കർഷകന് പ്രതീക്ഷിച്ചത്ര പ്രയോജനം നൽകിയിട്ടില്ലയെന്ന അഭിപ്രായമുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ ഗവൺമെന്റിന് കഴിയുന്ന നടപടികൾ കൈകൊണ്ടുവരുന്നു.

(ബി) കൊപ്രയുടെ ജലാംശം 6% -ത്തിൽ താഴെ ആയിരിക്കണമെന്ന് നാഫെഡ് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തരംതിരിച്ചുള്ള സംഭരണം കൊപ്രയുടെ കാര്യത്തിൽ നിലവിലില്ല. കൊപ്രയിലെ ജലാംശത്തിന്റെ ശതമാനം മാത്രമേ പരിശോധിക്കുന്നുള്ളു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഈ ആവശ്യം നിരവധി പ്രാവശ്യം നേരിട്ടും നിവേദനങ്ങളിലൂടെയും കേന്ദ്ര ഗവൺമെന്റിനുമുന്നിൽ ശക്തിയായി ഉന്നയിച്ചിട്ടുണ്ട്.

(ജി)&(എച്ച്) സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ പ്രത്യേക നിയന്ത്രണമൊന്നും ഏർപ്പെടുത്താൻ കഴിയില്ല. ഈ വിവരങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണ്.

ഗാലസ പദ്ധതി

(359) ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ.കെ. ശൈലജടീച്ചർ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നെൽകൃഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗാലസ' രീതി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഗാലസ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 'ഗാലസ'യുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആധുനിക കൊയ്ത്തു യന്ത്രങ്ങൾ ഉൾപ്പെടെ കൃഷി നവീകരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) കാർഷിക സർവ്വകലാശാല നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്. ഈ പദ്ധതിയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെറുകിട യന്ത്രവൽക്കരണ പദ്ധതിയിൻകീഴിൽ മെതിയന്ത്രങ്ങൾ, കൊയ്ത്തു യന്ത്രങ്ങൾ പവർടില്ലറുകൾ, ട്രാക്ടറുകൾ തുടങ്ങിയവ പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കമ്പയിൻഡ് ഹാർവെസ്റ്റർ കൊയ്ത്തുകൊലത്ത് കൃഷിക്കാർക്ക് ലഭ്യമാക്കിവരുന്നുണ്ട്.

തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്ക് എതിരെ പ്രതിരോധ നടപടി

(360) <u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ കണ്ടുപിടിച്ച് അതിനു വേണ്ട രോഗപ്രതിരോധ ഉപാധികൾ കർഷകർക്ക് നിർദ്ദേശിച്ചുകൊടുക്കുന്നതിന് കാർഷിക സർവകലാശാലയിലെ വിദഗ്ധരായ തെങ്ങ് ഗവേഷണ ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ ഒരു മൊബൈൽ ലബോറട്ടറി രൂപീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ;

(ബി) ഗ്രാമപഞ്ചായത്തിലുള്ള കൃഷി ഉദ്യോഗസ്ഥന്മാർ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും കേരകർഷകർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(സി) അപ്രകാരം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്ക് ഓഫീസ് മേൽനോട്ടമല്ലാതെ മറ്റ് ഓഫീസ് പ്രവർത്തികളിൽനിന്നും വിടുതൽ നൽകാനുള്ള ഉത്തരവുകൂടി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആണ്ടിൽ പതിനഞ്ചു നാളികേരത്തിൽ താഴെ വിളവുതരുന്ന മുഴുവൻ തെങ്ങുകളും കർഷകന് നഷ്ടപരിഹാരം നൽകി വെട്ടിനശിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളെയും കീടങ്ങളെയും കണ്ടുപിടിച്ച് രോഗപ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ സഞ്ചരിക്കുന്ന അഗ്രോ ക്ളീനിക്കുകൾ ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. കാർഷിക സർവകലാശാലയിലെ വിദഗ്ദ്ധരുടെ സഹായം ഇവർക്ക് ലഭ്യമാണ്.

(ബി) നിലവിൽത്തന്നെ കൃഷി ഉദ്യോഗസ്ഥന്മാർ തെങ്ങുകൃഷിക്കാരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) ഇത്തരത്തിൽ പ്രത്യേകമായ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. കാറ്റുവീഴ്ചരോഗ നിരോധനത്തിന്റെ ഭാഗമായി രോഗബാധിതമായ വൃക്ഷങ്ങൾ വെട്ടിമാറ്റുന്ന ഒരു പരിപാടിയാണ് ഇപ്പോഴുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly